# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.669 — 28.02.2018-ൽ മറുപടിയ്ക്ക്

## അക്കാമ്മ ചെറിയാൻ സ്മാരകം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | | | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) | ദേവികുളം നിയോജക മണ്ഡലത്തിൽ അനുവദിച്ച അക്കാമ്മ ചെറിയാൻ സാംസ്കാരിക നിലയം ആരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തെല്ലാം ആയെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും | അക്കാമ്മ ചെറിയാന്റെ നാമധേയത്തിൽ ഇടുക്കി ജില്ലയിൽ സ്ഥാപിക്കുന്ന സാംസ്കാരിക സമുച്ചയത്തിനായി ആവശ്യമായ ഭൂമി ഇടുക്കി അടിമാലിക്ക് സമീപം സൗജന്യമായി വിട്ടു നൽകാൻ സ്വകാര്യ വ്യക്തി തയ്യാറായതിനെ തുടർന്ന് പ്രസ്തുത ഭൂമി സാംസ്കാരിക വകുപ്പ് അദ്ധ്യക്ഷൻ സന്ദർശിച്ച് ദേവികുളം താലൂക്കിൽ മന്നാംകണ്ടം വില്ലേജിൽ 1061/1, 3, 1066/1 എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ട പ്രസ്തുത ഭൂമി പദ്ധതിക്കായി അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഭൂമിയുടെ ഉടമസ്ഥത കൈമാറുന്നതും സമുച്ചയ നിർമ്മാണം ആരംഭിക്കുന്നതും സംബന്ധിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എന്ന് പണി ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | | എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്ന പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി മെസ്സേഴ്സ് പ്രൈസ് വാട്ടർ ക്ലൂപ്പേഴ്സ് എന്ന ഏജൻസിയെ ഇതിനോടകം തന്നെ നിയമിച്ചിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് പൂർത്തിയായാലുടൻ തന്നെ നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുന്നതും നിർമ്മാണം ആരംഭിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ